**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4615**

**18.05.2017 - ൽ മറുപടിക്ക്**

# സഹകരണ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

**ചോദ്യം** | **മറുപടി**

**ശ്രീമതി.പി.അയിഷാ പോറ്റി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഓഡിറ്റ് വിഭാഗത്തിന്റെ വീഴ്ചമൂലം സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ തടസ്സങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | പരിശോധിച്ച് വരുന്നു. ഓഡിറ്റ് കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) എല്ലാ സംഘങ്ങളിലും, പ്രത്യേകിച്ച് കമ്പ്യൂട്ടർവൽകൃത സംഘങ്ങളിലും പരിശോധിക്കുന്നതിന് മാർഗ്ഗനിർദ്ദേശം ആഡിറ്റർമാർക്ക് നൽകിയിട്ടുണ്ട്.<br>2) ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകിവരുന്നു.<br>3) വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം താലൂക്ക്-ജില്ലാ-സംസ്ഥാനതലത്തിലും നടത്തുന്നുണ്ട്.<br>4) ആഡിറ്റ് മാന്വൽ പരിഷ്കരണം അന്തിമഘട്ടത്തിലാണ്.<br>5) നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | സഹകരണ വകുപ്പിൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ? | | |

| | | | |
|---|---|---|---|
| | | | 6) അനുപാത വിശകലന പഠനം നടത്തി സംഘത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>7) ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**